# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 22.02.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. മൗറീഷ്യസിന്റെ 57-ാമത് ദേശീയ ദിനാഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശിഷ്ടാതിഥിയാകും.

   **Prime Minister Narendra Modi will be the Guest of Honour at Mauritius' 57th National Day celebrations.**

2. കർഷകരില്ലാതെ വികസിത ഇന്ത്യ എന്ന ലക്ഷ്യം സാധ്യമാകില്ലെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Minister Shivraj Singh Chouhan says that the goal of a Viksit India cannot be achieved without farmers.**

3. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് കേരളത്തിൽ, കോട്ടയം ഐ.ഐ.ഐ.ടിയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **Union Finance Minister Nirmala Sitharaman to attend the convocation ceremony of IIIT, Kottayam in Kerala today.**

4. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് നാളെ.

   **PM Narendra Modi to share his thoughts in 'Mann Ki Baat' programme tomorrow.**

5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് -എഫ് സി ഗോവ പോരാട്ടം.

   **In ISL football, Kerala Blasters will face FC Goa today.**

&&&&&&&&&&&&&&&&

## VP-CHHATRAPATI SAMBHAJINAGAR

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മഹാരാഷ്ട്രയിലെത്തും. ഛത്രപതി സംഭാജിനഗറിലെ ഡോ. ബാബാസാഹേബ് അംബേദ്കർ മറാത്ത്‌വാഡ സർവകലാശാലയുടെ 65-ാമത് ബിരുദദാന സമ്മേളനത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും. സരസ്വതി ഭുവൻ കോളേജിൽ ഭരണഘടനാ അവബോധ വർഷവും അമൃത് മഹോത്സവവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് ഉപരാഷ്ട്രപതി എല്ലോറയിലെ ഗ്രീഷ്ണേശ്വർ ക്ഷേത്രത്തിൽ പൂജ നടത്തുകയും എല്ലോറ ഗുഹകൾ സന്ദർശിക്കുകയും ചെയ്യും.

&&&&&&&&&&&&&&&&

## VICE PRESIDENT - INTRO

ലോകം നേരിടുന്ന വെല്ലുവിളികൾക്ക് സുസ്ഥിര വികസനം മാത്രമാണ് പരിഹാരമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിൽ നടന്ന 21-ാമത് ആഫ്രിക്കൻ-ഏഷ്യൻ റൂറൽ ഡെവലപ്മെൻറ് ഓർഗനൈസേഷൻ കോൺഫറൻസിൻറെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. സുസ്ഥിര വികസനം ഗ്രാമീണ മേഖലയുടെ സഹായത്തോടെയാണ് സാധ്യമാകുക എന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 1

## PM- MAURITIUS GUEST OF HONOUR

അടുത്ത മാസം നടക്കുന്ന മൗറീഷ്യസിന്റെ 57-ാമത് ദേശീയ ദിനാഘോഷത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശിഷ്ടാതിഥിയാകുമെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ രാംഗൂലം. സുശക്തമായ ഇന്ത്യ-മൗറിഷ്യസ് ബന്ധത്തിന്റെ തെളിവാണ് ഈ തീരുമാനമെന്നും ശ്രീ നരേന്ദ്ര മോദിയ്ക്ക് ആതിഥേയത്വം വഹിക്കുന്നത് രാജ്യത്തിന് അഭിമാനമാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയായി പങ്കെടുത്തിരുന്നു.

&&&&&&&&&&&&&&&&

## SHAH - WESTERN COUNCIL

മഹാരാഷ്ട്രയിലെ പൂനെയിൽ നടക്കുന്ന പശ്ചിമ മേഖല കൗൺസിലിന്റെ 27-ാമത് യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിച്ചു. ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര സംസ്ഥാനങ്ങളും ദാദ്ര, നാഗർ ഹവേലി, ദാമൻ, ദിയു എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പശ്ചിമ മേഖല കൗൺസിൽ. അടിസ്ഥാന സൗകര്യം, ഖനനം, പരിസ്ഥിതി, വനം, ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ, പ്രാദേശിക തലത്തിൽ പൊതു താൽപ്പര്യമുള്ള വിഷയങ്ങൾ എന്നിവ കൗൺസിൽ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 2

## KRISHI VIGYAN MELA - INTRO

വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കർഷകരില്ലാതെ സാധ്യതമാകില്ലെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഉത്പാദന മേഖലയിൽ

ലോകത്ത് ഒന്നാമതെത്താനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും കേന്ദ്ര കൃഷിമന്ത്രി പറഞ്ഞു. കാർഷിക ഗവേഷണ കൗൺസിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ പുസ കൃഷി വിജ്ഞാനമേള – 2025 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

രാജ്യത്തെ മുൻനിര കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കർഷക ഉൽപാദക സംഘടനകൾ, സംരംഭകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങളും സേവനങ്ങളും സാങ്കേതികവിദ്യകളും മേളയിൽ പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&

## CHANDIGARH PROTESTING FARMERS

ദീർഘകാല ആവശ്യങ്ങൾ ഉന്നയിച്ച് ചണ്ഡീഗഢിൽ പ്രതിഷേധം നടത്തുന്ന കർഷകരുമായി വീണ്ടും ചർച്ചയ്ക്കൊരുങ്ങി കേന്ദ്ര സർക്കാർ. ഇന്ന് നടക്കുന്ന ചർച്ചയ്ക്ക് കേന്ദ്ര മന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാനും പ്രൽഹാദ് ജോഷിയും നേതൃത്വം നൽകും. ഈ മാസം 14 ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിയുടെ നേതൃത്വത്തിൽ കർഷകപ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&

## INDIA-JAPAN MILITARY EXERCISE

ഇന്ത്യ-ജപ്പാൻ സംയുക്ത സൈനികാഭ്യാസമായ ധർമ്മ ഗാർഡിയന്റെ ആറാം പതിപ്പ് നാളെ മുതൽ മാർച്ച് 09 വരെ ജപ്പാനിൽ നടക്കും. ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനിടയിൽ ഇരു സേനകളും തമ്മിലുള്ള പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ്

സൈനികാഭ്യാസത്തിൻറെ ലക്ഷ്യം. സൈനികാഭ്യാസത്തിൽ പങ്കെടുക്കുന്നതിനായി 120 അംഗ സംഘം ജപ്പാനിലേക്ക് ഇന്ന് യാത്ര തിരിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3
## NIRMALA SITHARAMAN

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് കേരളത്തിലെത്തും. കോട്ടയം ഐ.ഐ.ഐ.ടിയുടെ ആറാമത് ബിരുദദാന ചടങ്ങിൽ കേന്ദ്ര ധനമന്ത്രി പങ്കെടുക്കും. വൈകുന്നേരം 4.30 നാണ് ചടങ്ങ് ആരംഭിക്കുക.

&&&&&&&&&&&&&&&&

## GLOBAL INVESTORS MEET

കേരളത്തിൻറെ നിക്ഷേപ സാധ്യതകൾക്ക് ഊർജ്ജം നൽകുന്ന ആഗോള നിക്ഷേപക ഉച്ചകോടിക്ക് ഇന്ന് കൊച്ചിയിൽ സമാപനം. 26 വിദേശരാജ്യങ്ങളിൽ നിന്ന് ഉൾപ്പെടെ മൂവായിരത്തോളം സംരംഭകരാണ് രണ്ടുദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 4
## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് നാളെ രാവിലെ 11ന്. മൻ കി ബാത്തിന്റെ 119-ാംാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലൂടെയും പരിപാടി ലഭ്യമാകും. ഹിന്ദി

പ്രക്ഷേപണം കഴിഞ്ഞാലുടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത്ത് കേൾക്കാം.

&&&&&&&&&&&&&&&&

## PIYUSH GOYAL - INTRO

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ ജപ്പാൻ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ. ന്യൂഡൽഹിയിൽ ഇന്ത്യ - ജപ്പാൻ സാമ്പത്തിക - നിക്ഷേപ ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2000 ത്തിനും 2024 നുമിടയിൽ ജപ്പാനിൽ നിന്ന് നേരിട്ടുള്ള വിദേശനിക്ഷേപം 4,300 കോടി ഡോളറാണെന്ന് ശ്രീ ഗോയൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## PRADHAN-DU CONVOCATION

ഇന്ത്യൻ വിദ്യാഭ്യാസത്തെ ആഗോളതലത്തിൽ എത്തിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയമെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഡൽഹി യൂണിവേഴ്സിറ്റിയുടെ 101-ാമത് ബിരുദ ദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പുതിയ വിദ്യാഭ്യാസ നയം രാജ്യത്തൊട്ടാകെ നടപ്പിലാക്കുന്നത് ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് സഹായകമാകുമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## HEADLINE – 5
## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും. രാത്രി 7.30 ന് ഗോവയിലാണ്

മത്സരം. വൈകുന്നേരം അഞ്ചിന് നടക്കുന്ന ആദ്യ മത്സരത്തിൽ പഞ്ചാബ് എഫ്.സി, ഈസ്റ്റ് ബംഗാളിനെ നേരിടും.

&&&&&&&&&&&&&&&&

## FIH HOCKEY

എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് അയർലൻറിനെ നേരിടും. ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം. ഇന്നലെ ഇതേ ടീമുമായി നടന്ന മത്സരത്തിൽ ഇന്ത്യ 3-1ന് വിജയിച്ചിരുന്നു. വനിതാ വിഭാഗം മത്സരത്തിൽ ഇന്ത്യ ജർമ്മനിയോട് പരാജയപ്പെട്ടു. ഇന്ന് വൈകുന്നേരം 5.15ന് ഇരു ടീമുകളും വീണ്ടും മത്സരിക്കും.

&&&&&&&&&&&&&&&&

## INDIA- PAK- CEASEFIRE AGREEMNET

ജമ്മുകശ്മീരിൽ 2021 ഫെബ്രുവരിയിലെ വെടിനിർത്തൽ കരാർ തുടരാൻ തീരുമാനിച്ച് ഇന്ത്യ- പാകിസ്ഥാൻ കരസേനകൾ. അന്താരാഷ്ട്ര അതിർത്തിയിൽ അടുത്തിടെ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇരു രാജ്യങ്ങളിലേയും ബ്രിഗേഡ് കമാൻഡർമാർ പൂഞ്ച് ജില്ലയിൽ ഫ്ലാഗ് മീറ്റിങ് സംഘടിപ്പിച്ചു. കരാർ തുടരുന്നതിനൊപ്പം ചർച്ചകളിലൂടെ പ്രശ്നപരിഹാരം കാണാനും ഇരു രാജ്യങ്ങളും തീരുമാനിച്ചു. അതിർത്തിയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിൻറെ ആവശ്യകത ഇരു കൂട്ടരും ആവർത്തിച്ചു.

&&&&&&&&&&&&&&&&

## DELHI ASSEMBLY SESSION

ഡൽഹി നിയമസഭാ സമ്മേളനം തിങ്കളാഴ്ച മുതൽ ആരംഭിക്കും. മൂന്ന് ദിവസമാണ് സഭ ചേരുന്നത്. സ്പീക്കർ , ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പും സഭയിൽ ആദ്യ അജണ്ടയായി സിഎജി റിപ്പോർട്ടും അവതരിപ്പിക്കും.

&&&&&&&&&&&&&&&&

## RBI-PENALTY

നിർദേശങ്ങൾ പാലിക്കാത്തതിന് സിറ്റി ബാങ്കിന് 39 ലക്ഷം രൂപ പിഴ ചുമത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. വായ്പകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നൽകാത്തതിന് ആശിർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, JM ഫിനാൻഷ്യൽ ഹോം ലോൺസ് ലിമിറ്റഡ് എന്നിവയ്ക്കും പിഴ ചുമത്തിയിട്ടുണ്ട്. ചട്ടങ്ങൾ പാലിക്കാത്തതിനെ തുടർന്നാണ് നടപടിയെന്നും സ്ഥാപനങ്ങളും ഉപഭോക്താക്കളും തമ്മിലുള്ള ഇടപാടിന്റെ സാധുതയെ ബാധിക്കില്ലെന്നും ആർബിഐ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## KUMBHAMELA, UP BOARD EXAMS

പ്രയാഗ്രാജിലെ മഹാകുംഭമേളയിലെ ത്രിവേണി സംഗമത്തിൽ ഇതുവരെ 59 കോടി 31 ലക്ഷത്തിലധികം ഭക്തർ പുണ്യസ്നാനം നടത്തി. ഒരു കോടി 28 ലക്ഷത്തോളം പേർ ഇന്നലെ പുണ്യസ്നാനം നടത്തി. കേന്ദ്രമന്ത്രി ജെ പി നദ്ദ ഇന്ന് സ്നാനം നടത്തും. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അദ്ദേഹത്തെ അനുഗമിക്കും.

&&&&&&&&&&&&&&&&

## WAVES - AD FILM

ലോക ശ്രവ്യ-ദൃശ്യ വിനോദ ഉച്ചകോടി- വേവ്സിലെ പ്രചാരണ പരസ്യചിത്ര മത്സരത്തിന് എൻട്രികൾ ക്ഷണിച്ചു. വരൂ, ഞങ്ങൾക്കൊപ്പം നീങ്ങാം എന്ന പ്രമേയത്തിലാണ് മത്സരം. മികച്ച 5 സൃഷ്ടികൾക്ക് സമ്മാനത്തുകയും അവയുടെ നിർമാതാക്കൾക്ക് വേവ്സ് 2025 പരിപാടിയിൽ പങ്കെടുക്കാനുള്ള ചെലവുകളും സൗജന്യയാത്രയും ലഭിക്കും.

&&&&&&&&&&&&&&&&

## HAMAS -HOSTAGE

വെടിനിർത്തൽ കരാറിൻറെ ഭാഗമായി മോചിപ്പിക്കുന്ന ഇസ്രയേലി ബന്ദികളുടെ പട്ടിക ഹമാസ് പുറത്തുവിട്ടു. ഇന്ന് മോചിപ്പിക്കുന്നവരുടെ കുടുംബാംഗങ്ങളെ വിവരം അറിയിച്ചതായി ഇസ്രയേൽ പ്രധാനമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി. ഗാസയുടെ പുനർവികസനം എന്ന യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നിർദേശത്തെ പ്രതിരോധിക്കുന്നതിനുള്ള മാർഗങ്ങൾ സംബന്ധിച്ച് 6 അറബ് രാജ്യങ്ങളിലെ നേതാക്കളുടെ യോഗം ഇന്നലെ റിയാദിൽ ചേർന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&